നിയമസഭ 2012 ഡിസംബർ മാസം 10-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ ആരംഭിച്ചു.

**ചരമോപചാരം**

മി. സ്പീക്കർ: ഓർഡർ, ഓർഡർ..........

(ദേശീയഗാനാലാപനത്തോടെ സഭാനടപടികൾ ആരംഭിച്ചു)

ചരമോപചാരം

**മുൻ പ്രധാനമന്ത്രി ഐ.കെ. ഗുജ്റാളിന്റെ നിര്യാണം**

മി. സ്പീക്കർ: മുൻ പ്രധാനമന്ത്രി ഐ.കെ. ഗുജ്റാൾ 2012 നവംബർ 30-ന് അന്തരിച്ചു. പാകിസ്ഥാന്റെ ഭാഗമായി മാറിയ പഞ്ചാബിലുള്ള ഝലം പ്രവിശ്യയിൽ അവ്താർ നാരായൺ ഗുജ്റാളിന്റെയും പുഷ്പ ഗുജ്റാളിന്റെയും മകനായി 1919 ഡിസംബർ 4-നാണ് ഐ.കെ. ഗുജ്റാൾ ജനിച്ചത്. ചെറുപ്പത്തിൽ തന്നെ സ്വാതന്ത്ര്യസമര രംഗത്ത് എത്തിയ ഐ.കെ. ഗുജ്റാൾ ക്വിറ്റ് ഇന്ത്യാ സമരത്തിലൂടെ രാഷ്ട്രീയത്തിൽ എത്തിച്ചേർന്നു. പാകിസ്ഥാനിലെ ഡി.എ.വി. കോളേജ്, ഹെയ്‌ലി കോളേജ് ഓഫ് കൊമേഴ്സ്, ലാഹോറിലെ ഫോർമാൻ ക്രിസ്ത്യൻ കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം പൂർത്തിയാക്കി. വിഭജനത്തെത്തുടർന്ന് കുടുംബസമേതം ഇന്ത്യയിലെത്തിയ അദ്ദേഹം കോൺഗ്രസ്സിന്റെ സജീവ പ്രവർത്തകനായി മാറി. 1964, 1976, 1992 വർഷങ്ങളിൽ രാജ്യസഭാഗമായി തെരഞ്ഞെ

ടുക്കപ്പെട്ട ഐ.കെ. ഗുജ്റാൾ 1989-ൽ ജലന്തറിൽ നിന്നും ജനതാദൾ പ്രതിനിധിയായും 1998-ൽ അകാലിദളിന്റെ പിന്തുണയോടെ സ്വതന്ത്രനായും ലോക്സഭയിൽ അംഗമായി.

ഇന്ത്യൻ രാഷ്ട്രീയത്തിൽ, വ്യത്യസ്തമായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ഐ.കെ. ഗുജ്റാൾ. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് പൊതുരംഗത്തേക്ക് വന്ന അദ്ദേഹത്തിന്റെ ഓരോ ചലനവും അന്തസ്സാർന്നതായിരുന്നു. രാഷ്ട്രീയത്തിന്റെ പ്രസന്നവും അനുകരണീയവുമായ മുഖമാണ് ഗുജ്റാളിന്റേത്. പ്രതിഭാശാലിയായ അദ്ദേഹത്തിന്റെ ജീവിതം എല്ലാവർക്കും മാതൃകയായിരുന്നു. ആദർശത്തിനുവേണ്ടി എന്തും ത്യജിക്കാൻ അദ്ദേഹം സന്നദ്ധനായിരുന്നു. ദേശീയ സമരധാരയിൽ പിറന്നുവീണ അദ്ദേഹം മുഖ്യധാരാ രാഷ്ട്രീയത്തിന് തികച്ചും അപരിചിതമായ സവിശേഷകതകളുള്ള വ്യക്തിത്വമായിരുന്നു. സൗമ്യനും ധിഷണാശാലിയും തത്വചിന്തകനും ആയിരുന്ന അദ്ദേഹം ഭരണത്തിലെ പല അധികാരസ്ഥാനങ്ങളും വഹിച്ചപ്പോഴും അദ്ദേഹം തന്റെ സ്വതസിദ്ധമായ ശൈലിയിൽ നിന്നും വ്യതിചലിച്ചിരുന്നില്ല എന്നുള്ളത് ശ്രദ്ധേയമാണ്. ഇന്ത്യൻ രാഷ്ട്രീയത്തിലെ ഏറ്റവും മാന്യനായ വ്യക്തികളിലൊരാളായാണ് ഗുജ്റാൾ എല്ലാവരുടേയും മനസ്സിലുണ്ടാവുക. അഭിപ്രായ സമന്വയമുണ്ടാക്കുന്നതിനും മറ്റുള്ളവരെ അംഗീകരിച്ചുകൊണ്ട് നിൽക്കുന്നതിലുമാണ് നന്മ എന്ന് അദ്ദേഹം എപ്പോഴും വിശ്വസിച്ചിരുന്നു.

രാഷ്ട്രീയം പ്രക്ഷുബ്ധമായിരുന്ന ഒരു കാലഘട്ടത്തിൽ, തികച്ചും അവിചാരിതമായാണ് അദ്ദേഹം 1997 ഏപ്രിലിൽ പ്രധാനമന്ത്രി പദത്തിലെത്തുന്നത്. അതിനുമുമ്പ് അദ്ദേഹം കേന്ദ്രമന്ത്രിസഭകളിൽ വിവിധ വകുപ്പു

കളുടെ ചുമതല വഹിച്ചിട്ടുണ്ട്. വാർത്താവിനിമയ പ്രക്ഷേപണം, പൊതു മരാമത്ത്, ഭവനനിർമ്മാണം, വിദേശകാര്യം തുടങ്ങി അനേകം വകുപ്പുകൾ അദ്ദേഹം ഭംഗിയായി കൈകാര്യം ചെയ്തു. സോവിയറ്റ് യൂണിയനിൽ അംബാസിഡറായും സേവനമനുഷ്ഠിച്ചു.

ഒന്നാം ഗൾഫ് യുദ്ധകാലത്ത് കുവൈറ്റിൽ കുടുങ്ങിപ്പോയ മലയാളികൾ അടക്കമുള്ള ഒന്നരലക്ഷത്തോളം ഇന്ത്യാക്കാരെ സുരക്ഷിതമായി നാട്ടിലെത്തിച്ചതിന് നേതൃത്വപരമായ പങ്കുവഹിച്ച വ്യക്തിയായിരുന്നു ഐ.കെ.ഗുജ്റാൾ. അന്നത്തെ പ്രത്യേക അവസ്ഥയിൽ വിദേശകാര്യമന്ത്രിയായിരുന്ന അദ്ദേഹം ചെയ്ത സേവനം ഓരോ മലയാളിയും എന്നും ഓർക്കേണ്ടതാണ്. അതീവ സങ്കീർണ്ണമായ രക്ഷാദൗത്യം വിജയിപ്പിച്ചത് അദ്ദേഹത്തിന്റെ നയതന്ത്ര മികവിന്റെ ദൃഷ്ടാന്തമാണ്.

ഐ.കെ. ഗുജ്റാൾ വിദേശകാര്യമന്ത്രിയായിരിക്കെ, രാഷ്ട്രങ്ങളുടെ പരസ്പര സഹകരണവും അതിലൂടെ സുരക്ഷയും ഉറപ്പുവരുത്താൻ ഒരു സിദ്ധാന്തത്തിനുതന്നെ രൂപം നൽകി. പിന്നീട് അദ്ദേഹത്തിന്റെ പേരിൽത്തന്നെ ആ സിദ്ധാന്തം അറിയപ്പെട്ടു. അയൽ രാജ്യങ്ങളോട് പുലർത്തേണ്ട പ്രത്യേക സമീപനമായിരുന്നു സിദ്ധാന്തത്തിന്റെ കാതൽ. ഇന്ത്യൻ വിദേശകാര്യനയങ്ങളിൽ സ്ഥാനം പിടിച്ച ഈ സിദ്ധാന്തത്തിൽ, മറ്റ് രാജ്യങ്ങളോട് അനുകമ്പയോടെ പെരുമാറി അവരെ കൂടെ നിർത്തണമെന്നതായിരുന്നു സമീപനം. ദക്ഷിണേഷ്യയിലെ ഏറ്റവും വലിയ രാഷ്ട്രം എന്ന നിലയിൽ അയൽരാജ്യം ഒരിഞ്ച് മുന്നോട്ടുവന്നാൽ ഒരടിമുന്നോട്ടുവയ്ക്കാൻ ഇന്ത്യ തയ്യാറാകണമെന്നും അദ്ദേഹം എന്നും വാദിച്ചിരുന്നു. വിദേശകാര്യം എന്നും സാമർത്ഥ്യത്തോടെയാണ് അദ്ദേഹം കൈകാര്യം ചെയ്തത്. പ്രധാന മന്ത്രിയായിരുന്നപ്പോഴും അദ്ദേഹം തന്നെയാണ് വിദേശകാര്യം നോക്കിയി

രുന്നത്. സംയമനത്തോടെ സമർത്ഥമായി നയതന്ത്രനീക്കം നടത്തുന്നതിൽ പ്രശസ്തനായിരുന്നു അദ്ദേഹം. അതുകൊണ്ടുതന്നെ എല്ലാ രാജ്യങ്ങളുമായും നല്ല നയതന്ത്രബന്ധം പുലർത്താൻ അദ്ദേഹത്തിന് സാധിച്ചു.

കലയിലും സാഹിത്യത്തിലും അദ്ദേഹത്തിന് പ്രത്യേക താൽപര്യമുണ്ടായിരുന്നു. ഉറുദു ഭാഷയ്ക്ക് പ്രോത്സാഹനം നൽകുന്നതിൽ അദ്ദേഹം എപ്പോഴും മുന്നിലുണ്ടായിരുന്നു. പ്രമുഖ സാഹിത്യകാരന്മാരേയും കലാകാരന്മാരേയും ശാസ്ത്രജ്ഞരേയും രാജ്യസഭയിലേക്ക് കൊണ്ടുവന്നു.

ദേശീയരംഗത്ത് മതനിരപേക്ഷതയുടെയും സാർവദേശീയ രംഗത്ത് ചേരിചേരായ്മയുടെയും മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച ദേശീയ നേതാവായിരുന്നു ഗുജ്റാൾ. സ്വാതന്ത്ര സമരസേനാനി മുതൽ പ്രധാനമന്ത്രിവരെയുള്ള അദ്ദേഹത്തിന്റെ ജീവിതചക്രം, നമ്മെ പഠിപ്പിക്കുന്നത് ആത്മാർത്ഥതയുടേയും സൗമ്യതയുടെയും നയതന്ത്രജ്ഞതയുടെയും പാഠമാണ്. രാഷ്ട്രീയ രംഗത്ത് ഒരു നേതാവ് എങ്ങിനെയായിരിക്കണം എന്നു പഠിപ്പിച്ച അദ്ദേഹത്തിന്റെ ജീവിതം നമുക്കെല്ലാം മാതൃകയാക്കാവുന്നതാണ്. ഭാരതത്തെ ഒരു നൂറ്റാണ്ടോളം കണ്ട ആ വ്യക്തി നമ്മുടെ സ്മരണയിൽ നിന്നും ഒരിക്കലും മാഞ്ഞുപോകില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അന്തരിച്ച ഇന്ത്യയുടെ മുൻ പ്രധാനമന്ത്രി ഐ.കെ. ഗുജ്റാളിനെക്കുറിച്ച് അങ്ങ് ഇവിടെ പ്രകടിപ്പിച്ച അഭിപ്രയങ്ങളോട്പൂർണ്ണമായും ഞാൻ യോജിക്കുകയാണ്. ഇന്ത്യൻ രാഷ്ട്രീയത്തിലെ സൗമ്യതയുടെ മുഖമായിരുന്നു ഐ.കെ. ഗുജ്റാൾ. അദ്ദേഹം ഒരു ബഹുമുഖ പ്രതിഭയായിരുന്നു. പ്രധാനമന്ത്രി, വിദേശകാര്യ വകുപ്പുമന്ത്രി, കേന്ദ്ര മന്ത്രിസഭയിൽ വിവിധ വകുപ്പുകൾ കൈകാര്യം ചെയ്ത മന്ത്രി, സോവിയറ്റ് യൂണിയനിലെ സ്ഥാനപതി എന്നീ നിലകളിൽ അദ്ദേഹം ഭരണ

രംഗത്ത് സേവനമനുഷ്ഠിച്ചിരുന്നു. കൂടാതെ കലയിലും സാഹിത്യത്തിലും അദ്ദേഹത്തിന് പ്രത്യേക താൽപര്യമുണ്ടായിരുന്നു. നയതന്ത്രരംഗത്ത് അദ്ദേഹത്തിന്റെ സേവനം ഒരു വലിയ വിജയമായിരുന്നു. രണ്ട് പ്രാവശ്യം ഇന്ത്യയുടെ വിദേശകാര്യ വകുപ്പുമന്ത്രിയായും റഷ്യയുടെ സ്ഥാനപതിയായും സേവനമുഷ്ഠിച്ചു. അങ്ങിവിടെ സൂചിപ്പിച്ചതുപോലെ അദ്ദേഹം വിദേശകാര്യ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് രൂപം നൽകിയ സിദ്ധാന്തത്തിനെ ഗുജ്റാൾ സിദ്ധാന്തം എന്നാണ് പിന്നീട് അറിയപ്പെട്ടിരുന്നത്. ഇന്ത്യയ്ക്ക് അയൽ രാജ്യ ങ്ങളുമായി ഉണ്ടായിരുന്ന അത്ര നല്ലതല്ലാത്ത ബന്ധം പൊളിച്ചെഴുതുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് വളരെ വലുതാണ്. ചെറിയ അയൽ രാജ്യങ്ങളോട് അങ്ങേയറ്റം സൗഹാർദ്ദപരമായി, ഉദാരമായി സമീപിക്കുക എന്നുള്ളതായി രുന്നു ആ സിദ്ധാന്തത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാതൽ. അതൊരു വിജയ മായി മാറുകയും ചെയ്തു. അങ്ങ് പറഞ്ഞതുപോലെ, കുവൈറ്റ് അധിനി വേശ സമയത്ത് നമ്മളെല്ലാം വളരെയധികം വേദനിച്ചിരുന്നു. കാരണം, പതി നായിരക്കണക്കിന് ഇന്ത്യാക്കാരാണ് അവിടെയുണ്ടായിരുന്നത്, പ്രത്യേകിച്ച് മലയാളി കുടുംബങ്ങൾ. കുവൈറ്റിൽ സ്വൈരജീവിതം സാദ്ധ്യമല്ലാത്ത വിധ ത്തിലേക്ക് കാര്യങ്ങൾ നീങ്ങിയപ്പോൾ അവരെ അവിടെനിന്നും ഒഴിപ്പിക്കുക എന്നുള്ളത് നമ്മുടെ ഏറ്റവും വലിയ ആവശ്യമായി മാറി. ഒരു ഇന്ത്യാ ക്കാരനുപോലും യാതൊരു പോറലുമേൽക്കാത്ത വിധത്തിൽ അവിടെ നിന്നും എല്ലാവരെയും കൊണ്ടുവരാൻ സാധിച്ചത് അദ്ദേഹത്തിന്റെ ഏറ്റവും വലിയ വിജയമായിരുന്നു. അദ്ദേഹത്തിന്റെ വ്യക്തിപരമായിട്ടുള്ള ബന്ധവും നയതന്ത്ര രംഗത്തെ കഴിവും ഇതിലൂടെ പ്രകടമാണ്. അദ്ദേഹത്തിന്റെ പ്രവർത്തന ശൈലി, സൗമ്യത, മാന്യമായ പെരുമാറ്റം, ലളിതമായ ജീവിതം എന്നിവ പൊതുപ്രവർത്തകർക്ക് എന്നും മാതൃകയായി നിൽക്കുന്ന ഒന്നാണ്.

ആ സ്മരണയ്ക്കുമുമ്പിൽ ഞാനും എന്റെ പാർട്ടിയും ആദരാഞ്ജലികൾ അർപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, മുൻ പ്രധാന മന്ത്രി ഐ.കെ. ഗുജ്റാളിന്റെ നിര്യാണത്തിൽ ബഹുമാനപ്പെട്ട സ്പീക്കറും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രകടിപ്പിച്ച അഭിപ്രായത്തോട് ഞാൻ പൂർണ്ണ മായും യോജിക്കുകയാണ്. മൂന്നുപ്രാവശ്യം പ്രധാനമന്ത്രിയും രണ്ട് പ്രാവശ്യം സഹമന്ത്രിയുമായ അദ്ദേഹം രാജ്യത്തിന്റെ വിവിധ രംഗങ്ങളിൽ നിർണ്ണായകമായ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ചെറിയ കാലയളവിൽ മാത്രമാണ് അദ്ദേഹം ഭരണരംഗത്ത് ഉണ്ടായിരുന്നതെങ്കിൽപ്പോലും റഷ്യയിലെ അംബാസഡർ, വിദേശനയതന്ത്രകാര്യങ്ങളിൽ സജീവമായ ഇടപെടൽ, കുവൈറ്റ്-ഇറാഖ് യുദ്ധകാലത്ത് മലയാളികൾ ഉൾപ്പെടെ പതിനായിരക്കണ ക്കിന് ആളുകളെ രക്ഷപ്പെടുത്തുന്നതിന് അദ്ദേഹം വഹിച്ച നിസ്തുലമായ സേവനം തുടങ്ങി എണ്ണിയെണ്ണി പറയാവുന്ന ഒട്ടേറെ കാര്യങ്ങളിൽ ആ വ്യ ക്തിത്വത്തിന്റെ മഹത്തായ ശോഭ ഉയർത്തിപ്പിടിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഇന്ത്യയിൽ ചേരിചേരാ നയത്തിനധിഷ്ഠിതമായ വിദേശനയം ഉയർത്തിപ്പിടിക്കുന്നതിന് ഐ.കെ. ഗുജ്റാൾ അതിമഹത്തായ പങ്കാണ് വഹിച്ചത്. ഇസ്രായേൽ പാലസ്തീനെതിരായി ആക്രമണം നടത്തിയപ്പോൾ നമ്മുടെ നയം എങ്ങനെയിരുന്നുവെന്ന് രാജ്യമൊട്ടാകെ കണ്ടതാണ്. അതു പോലുള്ള സന്ദർഭങ്ങളിലെല്ലാം വളരെ നിസ്തുലമായ പങ്കാണ് അദ്ദേഹം വഹിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ വേർപാടിൽ ഇവിടെ പ്രകടിപ്പിച്ച വികാര ത്തോട് ഞാനും എന്റെ പാർട്ടിയും പൂർണ്ണമായി യോജിക്കുന്നതിനോ ടൊപ്പംതന്നെ അദ്ദേഹത്തിന് ആദരാഞ്ജലികളും അർപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, മുൻ പ്രധാനമന്ത്രി ഐ.കെ. ഗുജ്റാളിന്റെ ദേഹവിയോഗത്തിൽ, അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയാണ്. ബഹുമാനപ്പെട്ട സ്പീക്കറും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ചൂണ്ടിക്കാണിച്ചതുപോലെ ഇന്ത്യയുടെ യശസ്സ് ലോകം മുഴുവൻ ഉയർത്തിപ്പിടിച്ച ഒരു മഹാവ്യക്തിത്വമാണ് ഐ.കെ. ഗുജ്റാളിന്റേത്. വളരെ കുറച്ചുകാലം മാത്രമേ അദ്ദേഹത്തിന് പ്രധാനമന്ത്രിയുടെ ചുമതലയുണ്ടായിരുന്നുള്ളുള്ളൂവെങ്കിലും വിദേശകാര്യമന്ത്രി എന്നുള്ള നിലയിലാണ് ലോകം മുഴുവൻ അദ്ദേഹത്തെ വിലയിരുത്തുന്നത്. മാത്രമല്ല, ഇന്ത്യക്ക് പുറത്തുള്ള മലയാളികൾ പലപ്പോഴും ഇതേ അഭിപ്രായം തന്നെ പ്രകടിപ്പിച്ച് കേട്ടിട്ടുണ്ട്. വളരെ പ്രൊഫഷണലായി, സിസ്റ്റമാറ്റിക്കായി കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ അദ്ദേഹം വിജയിച്ചിരുന്നുവെന്ന് ചരിത്രം വിലയിരുത്തും. ഇവിടെ പറഞ്ഞതുപോലെ വളരെ സൗമ്യനും പണ്ഡിതനുമായ അദ്ദേഹം പ്രധാനമന്ത്രിയെന്ന നിലയിൽ പേരെടുത്ത ഒരു വ്യക്തിയാണ്. അദ്ദേഹത്തിന്റെ വ്യക്തിത്വം ഈ രാജ്യത്തിനും ജനങ്ങൾക്കും വളരെയധികം കീർത്തിയും ബഹുമാനവുമുണ്ടാക്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കുമുമ്പിൽ ഞാനും എന്റെ പാർട്ടിയും ഈ നാട്ടിലെ ജനങ്ങൾക്കുമുള്ള ദുഃഖത്തിൽ പങ്കുചേരുന്നതിനോടൊപ്പം തന്നെ ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

ശ്രീ. സി. ദിവാകരൻ: സർ, മുൻ പ്രധാനമന്ത്രി ഐ.കെ. ഗുജ്റാളിന്റെ നിര്യാണത്തിൽ ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പ്രകടിപ്പിച്ച വികാരത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. നമ്മുടെ രാജ്യം ഇന്ന് നേരിടുന്ന അതീവഗുരുതരമായ പ്രശ്നങ്ങളിൽ

ഗുജ്റാളിനെപ്പോലെയുള്ള മഹാന്മാരുടെ സാന്നിദ്ധ്യം അനുഭവപ്പെടുകയാണ്. പക്ഷേ, നിർഭാഗ്യവശാൽ സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട ഒട്ടേറെ നേതാക്കന്മാരെ ഇതിനോടകംതന്നെ ഇന്ത്യക്ക് നഷ്ടപ്പെട്ടിട്ടുണ്ട്. പല കാര്യങ്ങളിലും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനോടൊപ്പംതന്നെ ജനങ്ങൾ ബഹുമാനിക്കുന്ന ഒരാളാണ് ഐ.കെ. ഗുജ്റാൾ. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായി ചേർന്നുകൊണ്ടാണ് അദ്ദേഹത്തിന്റെ വിദ്യാർത്ഥി പ്രസ്ഥാനം തുടങ്ങുന്നത്. തുടർന്ന് അദ്ദേഹം ഇന്ത്യൻ കോൺഗ്രസ്സിലേയ്ക്കും ജനതാദളിലേയ്ക്കും വരികയുണ്ടായി. എവിടെപ്പോയാലും തന്റെ വ്യക്തിത്വവും മൂല്യങ്ങളും ലാളിത്യവുമെല്ലാം മാതൃകാപരമായി സംരക്ഷിച്ചുകൊണ്ട് രാജ്യത്തിനുവേണ്ടി മഹത്തായ സേവനം അദ്ദേഹം നടത്തുകയുണ്ടായി. സോവിയറ്റ് റഷ്യ, ഇന്ത്യ എന്നീ രാഷ്ട്രങ്ങളും ജനങ്ങളും തമ്മിലുള്ള വലിയൊരു ബന്ധം സ്ഥാപിച്ചെടുക്കുകവഴി ഇന്ത്യയുടെ ഭൗതിക പുരോഗതിക്ക് വലിയ സംഭാവനയാണ് അദ്ദേഹം നൽകിയിട്ടുള്ളത്. അദ്ദേഹത്തിന്റെ വേർപാടിൽ എന്റെയും എന്റെ പാർട്ടിയുടേയും അഗാധമായ ദുഃഖം ഒരിക്കൽകൂടി രേഖപ്പെടുത്തുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, മാറുന്ന രാഷ്ട്രീയം - മാറാത്ത വ്യക്തിത്വം; പതിറ്റാണ്ടുകളായി ഇന്ത്യൻ രാഷ്ട്രീയ മണ്ഡലത്തിൽ സജീവസാന്നിദ്ധ്യമായിരുന്നു ഐ.കെ. ഗുജ്റാൾ. എന്റെ സുഹൃത്ത് ശ്രീ. സി. ദിവാകരൻ സൂചിപ്പിച്ചതുപോലെ വ്യത്യസ്ത രാഷ്ട്രീയകക്ഷികളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. എല്ലാവർക്കും അറിയാവുന്നതുപോലെ ആദ്യം കമ്മ്യൂണിസ്റ്റുകാരനായും പിന്നീട് കോൺഗ്രസ്സുകാരനായും അതിനുശേഷം ജനതാദൾ പാർട്ടിയിലെ അംഗവുമായി. ഇന്ദിരാഗാന്ധിയുടെയും അതിനുശേഷം വി.പി. സിംഗിന്റെയും മന്ത്രിസഭകളിൽ വിദേശകാര്യമന്ത്രിയും പിന്നീട് ദേവഗൗഡ

യുടെ മന്ത്രിസഭയിലും മന്ത്രിയായി. അവസാനം ദേവഗൗഡ മന്ത്രിസഭയുടെ പിന്തുണ പിൻവലിച്ചപ്പോൾ എല്ലാവരും സമവായത്തോടുകൂടി അദ്ദേഹത്തെ ഇന്ത്യൻ പ്രധാനമന്ത്രിയാക്കുകയായിരുന്നു. ഇത് വലിയൊരത്ഭുതമല്ലേ? വ്യത്യസ്ത രാഷ്ട്രീയകക്ഷികളിൽ മാറിമാറി രാഷ്ട്രീയരംഗത്ത് പ്രവർത്തി ച്ചിട്ടുപോലും സർവ്വാദരണീയനായ അദ്ദേഹത്തെ സമവായത്തോടുകൂടി ഇന്ത്യൻ പ്രധാനമന്ത്രിയാക്കിയതിനുപിന്നിലെ കാരണം മഹനീയമായ അദ്ദേഹ ത്തിന്റെ വ്യക്തിത്വം തന്നെയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ അദ്ദേഹത്തിന്റെ സൗമ്യത, പ്രതിബദ്ധത, ആത്മാർത്ഥത, വിനയം എന്നീ സദ്ഗുണങ്ങൾ ചേർന്ന ഒരു വ്യക്തിയെന്ന നിലയിലാണ് ഇത്ര മാത്രം ആദരവ് പിടിച്ചുപറ്റാൻ അദ്ദേഹത്തിന് കഴിഞ്ഞത്. ഇന്ത്യയിൽ മാത്രമല്ല, ലോകരാഷ്ട്രങ്ങൾക്കിടയിലും അദ്ദേഹം സർവ്വാദരണീയനായ ഒരു രാജ്യതന്ത്രജ്ഞനായിരുന്നു. ആ നിലയ്ക്ക് മഹനീയ വ്യക്തിത്വമായിരുന്ന ഐ.കെ. ഗുജ്റാളിന്റെ നിര്യാണത്തിൽ എനിക്കും എന്റെ പാർട്ടിക്കുമുള്ള അനുശോചനം അറിയിക്കുന്നതിനോടൊപ്പംതന്നെ അദ്ദേഹത്തിന്റെ ഓർമ്മ കൾക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊള്ളുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, അന്തരിച്ച മുൻ പ്രധാനമന്ത്രി ഐ.കെ. ഗുജ്റാളിനെപ്പറ്റി അങ്ങും കക്ഷിനേതാക്കളും പറഞ്ഞ എല്ലാ അഭിപ്രായങ്ങ ളോടും ഞാൻ പരിപൂർണ്ണമായും യോജിക്കുകയാണ്. ഇന്ദിരാഗാന്ധിയുടെ മന്ത്രിസഭയിൽ വാർത്താവിതരണമന്ത്രിയായി പ്രവർത്തിക്കുമ്പോഴാണ് അടിയ ന്തരാവസ്ഥ പ്രഖ്യാപനമുണ്ടാകുന്നത്. അന്ന് മാധ്യമങ്ങൾക്ക് സെൻസർഷിപ്പ് ഏർപ്പെടുത്തിയതിനെ സംബന്ധിച്ച് വ്യത്യസ്തമായ നിലപാട് സ്വീകരിച്ചതിന്റെ പേരിലാണ് അദ്ദേഹം മന്ത്രിസഭയിൽ നിന്ന് പുറത്തുപോകേണ്ടിവന്നതെ ന്നാണ് പരക്കെ അറിയപ്പെട്ടിരിക്കുന്നത്. അതിനുശേഷമാണ് റഷ്യയിലെ

ഇന്ത്യൻ അംബാസഡറായി അദ്ദേഹത്തെ നിയമിക്കുന്നത്. തുടർന്ന് മൊറാർജി ദേശായിയുടേയും ചരൺസിംഗിന്റെയും ഭരണകാലത്തും അദ്ദേഹം ഇതേ പദവി തുടരുകയാണുണ്ടായത്. ഇവിടെ മറ്റ് കക്ഷിനേതാക്കൾ സൂചിപ്പിച്ചതു പോലെ വി.പി.സിംഗ് ഗവൺമെന്റിന്റെ കാലത്ത് വിദേശകാര്യ വകുപ്പുമന്ത്രി യായിരിക്കുമ്പോഴാണ് കുവൈറ്റിനുമേൽ ഇറാഖിന്റെ അധിനിവേശമുണ്ടാ കുന്നത്. വളരെ സങ്കീർണ്ണമായ ആ കാലഘട്ടത്തിൽ മലയാളികൾ അടക്ക മുള്ള ഒന്നേമുക്കാൽ ലക്ഷത്തോളം ഇന്ത്യാക്കാരെയും സുരക്ഷിതരായി ഇന്ത്യയിൽ തിരികെ എത്തിക്കാനുള്ള വലിയ ദൗത്യം വിജയകരമായി നിർവ്വ ഹിച്ച ഒരു ഭരണകർത്താവാണ് ഐ.കെ. ഗുജ്റാൾ. എല്ലാവരും പകച്ചു നിൽക്കുമ്പോൾ വാഷിംഗ്ടണിൽ പോയി അമേരിക്കൻ പ്രസിഡന്റിനേയും ബാഗ്ദാദിലെത്തി ഇറാഖ് പ്രസിഡന്റ് സദ്ദാംഹുസൈനേയും നേരിട്ടുകണ്ട് സംസാരിച്ചു. സദ്ദാംഹുസൈനെ ആലിംഗനം ചെയ്യുന്ന ചിത്രം അന്നത്തെ പത്രങ്ങളിൽ വന്നത് വലിയ വിവാദങ്ങളുണ്ടാക്കിയിരുന്നു. പക്ഷേ, അമേരിക്ക ഇറാഖിനുമേൽ യുദ്ധം ആരംഭിക്കുന്നതിനുമുമ്പ് മുഴുവൻ ഇന്ത്യക്കാരെയും ഇന്ത്യയിലെത്തിക്കാൻ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അന്നത്തെ വി.പി. സിംഗ് ഗവൺമെന്റിന് കഴിഞ്ഞു. മുഴുവൻ ഇന്ത്യാക്കാരെയും സുരക്ഷിതരായി ഇന്ത്യയിലെത്തിച്ചതിനുശേഷമാണ് അമേരിക്ക ഇറാഖിനുമേൽ യുദ്ധം ആരം ഭിച്ചത്. ഒന്നേമുക്കാൽ ലക്ഷം ഇന്ത്യക്കാരെ സുരക്ഷിതമായി ഇന്ത്യലെത്തി ക്കുന്ന ദൗത്യം ഫലപ്രദമായി നിർവ്വഹിച്ച ഭരണാധികാരി എന്ന നിലയിൽ തന്നെയാണ് കേരളവും ഇന്ത്യയും ഗുജ്റാളിനെ എപ്പോഴും ഓർമ്മിക്കുന്നത്. ദക്ഷിണേഷ്യയിൽതന്നെ ശാശ്വതമായി സമാധാനം ഉണ്ടാകണമെന്നാഗ്രഹിച്ചു കൊണ്ടാണ് അദ്ദേഹം രൂപപ്പെടുത്തിയ ഗുജ്റാൾ സിദ്ധാന്തം ഫലപ്രദമായി നടപ്പിലാക്കിയത്. അദ്ദേഹം ദേവഗൗഡയുടെ മന്ത്രിസഭയിൽ വിദേശകാര്യ

വകുപ്പിന്റെ ചുമതല വഹിച്ചിരുന്നു. ഇന്നും അജ്ഞാതമായിത്തന്നെ നില നിൽക്കുന്ന കാരണങ്ങളാൽ ദേവഗൗഡയുടെ മന്ത്രിസഭയ്ക്കുള്ള പിന്തുണ പിൻവലിക്കപ്പെട്ടപ്പോൾ എല്ലാ രാഷ്ട്രീയകക്ഷികളും സമന്വയത്തിലൂടെ കണ്ടെത്തിയ പ്രധാനമന്ത്രി ഐ.കെ. ഗുജ്റാൾ ആയിരുന്നു. രാജീവ് ഗാന്ധി വധവുമായി ബന്ധപ്പെട്ട ജയിൻകമ്മീഷൻ റിപ്പോർട്ടിൽ പേര് പറഞ്ഞ ദക്ഷി ണേന്ത്യൻ പാർട്ടിയിൽപ്പെട്ട മന്ത്രിമാരെ പിൻവലിക്കണമെന്ന പ്രശ്നത്തിൽ, അങ്ങനെ കഴിയില്ലെന്ന നിലപാടെടുത്തതുകൊണ്ടാണ് പ്രധാനമന്ത്രി കസേര യിൽനിന്ന് അദ്ദേഹത്തിന് പുറത്തുപോകേണ്ടിവന്നത്. ദേവഗൗഡ മന്ത്രിസഭ യ്ക്കുള്ള പിന്തുണ പിൻവലിച്ചപ്പോൾത്തന്നെ ആ ദക്ഷിണേന്ത്യൻ പാർട്ടി യിൽപ്പെട്ട ആളുകളെ കൂട്ടിച്ചേർത്ത് പിന്നീട് മന്ത്രിസഭയുണ്ടാക്കിയത് ചരിത്ര ത്തിലെ ഒരു വിരോധാഭാസമായി നിലനിൽക്കുകയാണ്. ഇന്ത്യൻ രാഷ്ട്രീയ ത്തിലെ മാന്യതയുടെ ഒരു പ്രതീകമായിരുന്നു അദ്ദേഹം. ഇടപെടുന്ന എല്ലാവ രുമായി സൗമ്യമായി പെറുമാറുവാൻ അവരിലേയ്ക്കെല്ലാം വളരെ വേഗ ത്തിൽ സൗഹൃദമെത്തിക്കാൻ കഴിഞ്ഞ ഒരതുല്യപ്രതിഭയാണ് ഗുജ്റാൾ. വ്യക്തിപരമായി അദ്ദേഹത്തോട് അടുത്ത് ഇടപഴകുവാനും അദ്ദേഹത്തിന്റ ചില പ്രസംഗങ്ങൾ പരിഭാഷപ്പെടുത്തുവാനും എനിക്ക് അവസരം ലഭിച്ചി ട്ടുണ്ട്. ആരെയും സ്വാധീനിക്കുന്ന ഒരു വ്യക്തിത്വമാണ് അദ്ദേഹത്തിന്റേത്. ഇന്ത്യയിലെ രാഷ്ട്രീയ പ്രവർത്തകർക്കും പൊതുപ്രവർത്തകർക്കുമെല്ലാം മാതൃകയാക്കാൻ കഴിയുന്ന പരന്ന വായനയും ഉയർന്ന ചിന്തയും ഐ.കെ. ഗുജ്റാളിന്റെ വ്യക്തിമുദ്രകളായിരുന്നു. ഈ സഭ ഐ.കെ. ഗുജ്റാളിന്റെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുമ്പോൾ അതേ വികാരത്തോട് ഞാനും എന്റെ കക്ഷിയും പങ്കുചേരുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, മുൻ പ്രധാനമന്ത്രി. ഐ. കെ. ഗുജറാളിന്റെ നിര്യാണത്തിൽ, അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കുമുമ്പിൽ ആദ്യമായി ആദരാഞ്ജലികൾ അർപ്പിക്കുന്നു. കേന്ദ്രമന്ത്രി, പ്രധാനമന്ത്രി, അംബാസഡർ എന്നീ നിലകളിൽ പ്രവർത്തിച്ചുകൊണ്ട് ഇന്ത്യൻ രാഷ്ട്രീയ സാമൂഹ്യ സാംസ്ക്കാരിക ഭരണ രംഗങ്ങളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതു പോലെ ഒരു ബഹുമുഖ പ്രതിഭയായി പ്രവർത്തിക്കുകയും സാമൂഹ്യനീതി നടപ്പിലാക്കുന്നതിൽ ഏറ്റവും മുൻപന്തിയിൽ നിന്ന് പ്രവർത്തിക്കുകയും ചെയ്ത മഹത്തായ ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. അഴിമതി കാണിച്ചപ്പോൾ സ്വന്തം പാർട്ടിയിൽപ്പെട്ട ആളായിരുന്നിട്ടുപോലും അയാൾക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചുകൊണ്ട് മന്ത്രിസഭയിൽ നിന്നും പുറത്താക്കിയത് അതിനുള്ള ഏറ്റവും വലിയ തെളിവാണ്. ഏറ്റവും വലിയ സോഷ്യലിസ്റ്റും സമൂഹനന്മയ്ക്കുവേണ്ടി പ്രവർത്തിച്ച് രാജ്യരക്ഷാപ്ര വർത്തനങ്ങളിൽ ഏറ്റവും നല്ല നയതന്ത്രജ്ഞനായി പ്രവർത്തിച്ച് മുന്നോട്ടു പോകുകയും ചെയ്ത അദ്ദേഹത്തിന്റെ പ്രവൃത്തിയും വാക്കുകളുമൊക്കെ പുതിയ തലമുറയ്ക്കും മറ്റെല്ലാവർക്കും മാതൃകയാക്കാവുന്നതാണ്. അദ്ദേഹ ത്തിന്റെ വിയോഗത്തിൽ ഞാനും എന്റെ പാർട്ടിയും അനുശോചനം രേഖപ്പെ ടുത്തുന്നു.

ശ്രീ. എ. എ. അസീസ്: സർ, ഐ. കെ. ഗുജ്റാളിനെ സംബന്ധിച്ച് അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും കക്ഷിനേതാക്ക ന്മാരും പറഞ്ഞ അഭിപ്രായങ്ങളോട് ഞാനും യോജിക്കുകയാണ്. രാജ്യ ത്തിന്റെ 12-ാമത്തെ പ്രധാനമന്ത്രിയായിരുന്ന ഐ. കെ. ഗുജ്റാൾ സംശുദ്ധ

രാഷ്ട്രീയത്തിനുടമയായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണം ആകസ്മികമല്ലായിരുന്നുവെങ്കിലും ഇൻഡ്യൻ രാഷ്ട്രീയത്തിന് തീരാനഷ്ടമാണുണ്ടാക്കിയത്. ചെറുപ്പകാലഘട്ടത്തിൽത്തന്നെ രാഷ്ട്രീയ രംഗത്ത് പ്രവർത്തനമാരംഭിച്ച ഒരാളായിരുന്നു അദ്ദേഹം. സ്വാതന്ത്ര്യ സമരത്തിലും സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ ക്വിറ്റ് ഇന്ത്യാ സമരത്തിലും പങ്കെടുത്ത് അറസ്റ്റുവരിച്ച മഹാനായിരുന്ന ഐ. കെ. ഗുജ്റാൾ രാജ്യത്തിനും രാഷ്ട്രീയക്കാർക്കും മാതൃകയായിരുന്നു. വിദേശകാര്യ വകുപ്പ് കൈകാര്യം ചെയ്ത് നയതന്ത്ര മേഖലയിൽ അതീവശ്രദ്ധ പിടിച്ചുപറ്റിയ ഒരാളായിരുന്നു ഐ. കെ. ഗുജ്റാൾ. അദ്ദേഹത്തിന്റെ നിര്യാണം നമുക്ക് ഏവർക്കും നഷ്ടമാണ്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ ഞാനും എന്റെ കക്ഷിയും ദു:ഖം രേഖപ്പെടുത്തുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഇൻഡ്യയുടെ 12-ാമത് പ്രധാനമന്ത്രിയായിരുന്ന ഐ. കെ. ഗുജ്റാളിന് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് അങ്ങ് ഇവിടെ ഉയർത്തിയ അഭിപ്രായങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെയാണ് അദ്ദേഹം രാഷ്ട്രീയത്തിലേയ്ക്ക് കടന്നുവന്നത്. 11-ാം വയസ്സിൽ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ അദ്ദേഹം തുടർന്ന പോർമുഖങ്ങൾ വായിക്കുന്ന ഏതൊരു ചെറുപ്പക്കാരനും ആവേശഭരിതനാകും. ഇവിടെ പലരും സൂചിപ്പിച്ചതുപോലെ 1997-ൽ അന്നത്തെ ഐക്യമുന്നണിയുടെ പ്രതിസന്ധി സമയത്താണ് അദ്ദേഹം പ്രധാനമന്ത്രിയായി കടന്നുവരുന്നത്. അധികാരത്തിൽ തുടരുന്നതിനുവേണ്ടി ധാർമ്മിക മൂല്യങ്ങളെയോ രാഷ്ട്രീയ മൂല്യങ്ങളെയോ പണയം വയ്ക്കാതിരുന്ന ഒരു വ്യക്തിത്വത്തിന് ഉടമയായിരുന്നു ഐ. കെ. ഗുജ്റാൾ. അദ്ദേഹം

മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനുമായിരുന്നു. മതനിരപേക്ഷതയ്ക്കുവേണ്ടി നിലകൊള്ളാനും അയൽരാജ്യങ്ങളുമായി നല്ല നയതന്ത്രബന്ധങ്ങൾ കാത്തു സൂക്ഷിക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ 'ഗുജ്റാൾ ഡോക്ട്രിൻ' എന്നറിയപ്പെട്ടിരുന്ന അദ്ദേഹ ത്തിന്റെ **5** തത്വങ്ങൾ, ലോകത്തിന്റെ മുമ്പിൽ ഇന്ത്യയുടെ നയതന്ത്ര പാരമ്പ ര്യത്തെയും സാംസ്കാരിക പാരമ്പര്യത്തേയുംവരെ ഉയർത്തിക്കാട്ടുവാൻ കഴി ഞ്ഞിട്ടുണ്ടെന്ന് നമുക്ക് നിസ്സംശയം പറയാൻ സാധിക്കും. തന്റെ പിതാവിൽ നിന്ന് പകർന്നുകിട്ടിയ സത്യസന്ധതയാണ് തന്റെ ജീവിതത്തിൽ പ്രചോദന മെന്ന അദ്ദേഹത്തിന്റെ വാക്കുകൾ ഗുജ്റാളിന്റെ പൊതുജീവിതം പരിശോധി ക്കുന്ന ആർക്കും മനസ്സിലാക്കാൻ കഴിയുന്ന ഒരു യാഥാർത്ഥ്യമാണ്. ഒരു രാഷ്ട്രീയക്കാരൻ, ഒരു നയതന്ത്രജ്ഞൻ അതിനേക്കാളുപരി കർമ്മധീരനായ ഒരു മനുഷ്യസ്നേഹി എന്നീ നിലകളിലായിരിക്കും ചരിത്രം അദ്ദേഹത്തെ വാഴ്ത്തുന്നത്. ഐ. കെ. ഗുജ്റാളിന്റെ നിര്യാണത്തിൽ ഞാനും എന്റെ പാർട്ടിയും അനുശോചനം രേഖപ്പെടുത്തുകയാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അന്തരിച്ചുപോയ മുൻ പ്രധാനമന്ത്രി ഐ. കെ. ഗുജ്റാളിന്റെ ചരമത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് അങ്ങും സഭയിലെ ബഹുമാന്യരായ നേതാക്കളും പറഞ്ഞിട്ടുള്ള അഭിപ്രായ ങ്ങളോടെല്ലാം ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. ഐ. കെ. ഗുജ്റാൾ എന്ന മനുഷ്യൻ അധികാര രാഷ്ട്രീയത്തിനുവേണ്ടി നിലപാടുകൾ മാറ്റിയിരു ന്നില്ല. എന്നാൽ സ്വന്തം നിലപാടുകൾ ഉയർത്തിപ്പിടിക്കുന്നതിനുവേണ്ടി പാർട്ടികളോടുള്ള നിലപാടുകളിൽ അദ്ദേഹം മാറ്റം വരുത്തിയിട്ടുണ്ട്. മുഖ്യ മന്ത്രി ഉൾപ്പെടെ അങ്ങും കോൺഗ്രസ്സിൽ പുരോഗമനാശയങ്ങൾക്കുവേണ്ടി

ഒരു കാലത്ത് പോരാട്ടം നടത്തിയവരാണ്. അറുപതുകളുടെ അന്ത്യത്തിലായിരുന്നു അങ്ങനെയൊരു പോരാട്ടം നാമെല്ലാം ചേർന്ന് നടത്തിയത്. പുരോഗമന രാഷ്ട്രീയ നിലപാടുകൾക്കുവേണ്ടി വാദിക്കുന്നവർക്ക് കരുത്തും ആവേശവും നൽകിക്കൊണ്ടാണ് ഐ. കെ. ഗുജ്റാൾ ആ കാലഘട്ടത്തിൽ പ്രവർത്തിച്ചിരുന്നത്. അങ്ങനെയാണ് ബാങ്ക് ദേശസാൽക്കരിക്കുക, പ്രിവിപഴ്സ് നിർത്തലാക്കുക, കൽക്കരി ഖനികൾ ദേശസാൽക്കരിക്കുക തുടങ്ങിയ ഇൻഡ്യൻ സമ്പദ്ഘടനയെ നിർണ്ണായകമായി സ്വാധീനിച്ച പരിഷ്ക്കാര നടപടികൾക്കുവേണ്ടി ഗവൺമെന്റ്, പ്രത്യേകിച്ചും ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ ശ്രമങ്ങൾ നടത്തിയപ്പോൾ അതിന് കരുത്ത് നൽകാൻ അദ്ദേഹം ശ്രമിച്ചത്. എന്നാൽ ജനാധിപത്യം വെല്ലുവിളിക്കപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ നിലപാടുകൾ ജനാധിപത്യ സംരക്ഷണത്തിനുവേണ്ടിയുള്ളതായിരുന്നു. മതേതര മൂല്യങ്ങൾ ചോദ്യം ചെയ്യപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ നിലപാടുകൾ മതേതര മൂല്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയായിരുന്നു. അങ്ങനെ നോക്കുമ്പോൾ ഇൻഡ്യ ഉയർത്തിപ്പിടിക്കേണ്ട ബഹുവിധങ്ങളായ മൂല്യങ്ങൾക്കുവേണ്ടി മരണംവരെ പോരാട്ടം നടത്തിയ ഊർജ്ജസ്വലനായ ഒരു പോരാളിയായി ഐ. കെ. ഗുജ്റാളിനെ വിശേഷിപ്പിക്കേണ്ടിവരും. അദ്ദേഹത്തെക്കുറിച്ച് കേരളീയർ ഓർമ്മിക്കുന്ന കാര്യമൊക്കെ പറഞ്ഞതുകൊണ്ട് ഞാൻ വീണ്ടും അത് ആവർത്തിക്കുന്നില്ല. കുവൈറ്റിൽ ദുരന്തമുണ്ടായപ്പോൾ ഇവിടെ സൂചിപ്പിച്ചതുപോലെ ഇന്ത്യാക്കാർ, പ്രത്യേകിച്ചും മലയാളികൾ കനത്ത ദു:ഖത്തിലും കണ്ണീരിലുമായിരുന്നു. ആ കണ്ണീരിനിടയിലും നന്ദിയോടെ അവർ സ്മരിക്കുന്ന ഒരു പേരാണ് ഐ. കെ. ഗുജ്റാളിന്റെ പേര്. ആ നിലയിൽ കേരളം അദ്ദേഹത്തോട് അങ്ങേയറ്റം കടപ്പെട്ടിട്ടുണ്ട്. ആ കടപ്പാട് രേഖപ്പെടുത്തിക്കൊണ്ടും അദ്ദേഹത്തെപ്പോലെയുള്ള ഒരു നയതന്ത്രജ്ഞന്റെ അഭാവത്താൽ

ഇന്ത്യയ്ക്കുണ്ടാകുന്ന ശൂന്യതയെക്കുറിച്ച് ഓർത്തും സമുന്നതനായ ആ രാഷ്ട്രീയ നേതാവിന്റെ സ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ചരമത്തിൽ ഞാനും എന്റെ പാർട്ടിയും ഞങ്ങൾക്കുള്ള അനുശോചനം രേഖപ്പെടുത്തുന്നു.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) : സർ, നമ്മുടെ പന്ത്രണ്ടാമത് പ്രധാനമന്ത്രിയായിരുന്ന ഐ. കെ. ഗുജ്റാളിന്റെ വേർപാടിൽ അങ്ങും സഭയിലെ കക്ഷിനേതാക്കളുമൊക്കെ ഈ സഭയിൽ രേഖപ്പെടുത്തിയ ദു:ഖത്തിൽ ഞാനും പങ്കുചേരുകയാണ്. പതിനൊന്നാമത്തെ വയസ്സിൽ രാഷ്ട്രീയത്തിലേയ്ക്ക്, ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലേയ്ക്ക് ഇറങ്ങിപ്പുറപ്പെട്ട് തന്റേതായ ഒരു വ്യക്തിത്വം അന്ത്യനിമിഷം വരെ പുലർത്തിയ മഹാനായ നേതാവായിരുന്നു ഐ. കെ. ഗുജ്റാൾ. നയതന്ത്ര പ്രവർത്തനങ്ങൾക്കുപരിയായി തന്റെ പൊതുജീവിതം ആരംഭിച്ചതു മുതൽ അവസാനിക്കുന്നതുവരെ അഴിമതിക്കെതിരെയുള്ള സംശുദ്ധമായ രാഷ്ട്രീയ ജീവിതം പ്രസംഗങ്ങൾക്കുപരി തന്റെ ജീവിതത്തിൽ പകർത്തിയ മഹാനായ നേതാവാണ് അദ്ദേഹം. പുതിയ തലമുറയ്ക്ക് അദ്ദേഹത്തിന്റെ ജീവചരിത്രം പഠിച്ച് അദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും മനസ്സിലാക്കി ആദർശരാഷ്ട്രീയത്തിൽ ജീവിക്കാൻ എന്നും വഴികാട്ടിയാണ് അദ്ദേഹം. തീർച്ചയായും താൻ ചെയ്യേണ്ട ജോലികൾ മറ്റുള്ളവരെ ഏൽപ്പിച്ച് ഒരു പദവിയിൽ തുടരുന്നതിനപ്പുറം, ഇവിടെ നേതാക്കൾ പ്രകടിപ്പിച്ചതുപോലെ കുവൈറ്റ് യുദ്ധമടക്കമുള്ള സന്ദർഭങ്ങളിൽ കുവൈറ്റിലും ഇറാഖിലും മറ്റുംപെട്ടുപോയ മലയാളികളടക്കമുള്ള പ്രവാസികളെ രക്ഷിക്കാൻ നേരിട്ട് ഇറങ്ങിപ്പുറപ്പെടുന്ന ഒരു പ്രധാനമന്ത്രിയുടെ കരുത്തും നന്മ

യുടെ മനസ്സുമാണ് അദ്ദേഹം പ്രകടിപ്പിച്ചത്. ഇത്തരത്തിലുള്ള നേതാക്കന്മാരുടെ വേർപാട് ഇന്ത്യൻ രാഷ്ട്രീയത്തിനും ഇന്ത്യൻ സമൂഹത്തിന്റെ സാമൂഹ്യ വ്യവസ്ഥയ്ക്കും തീരാത്ത നഷ്ടമാണ്. ആ നഷ്ടമാണ് ഐ.കെ. ഗുജ്റാളിനെ പോലുള്ള ഒരു നേതാവിന്റെ വേർപാടിൽ നമ്മൾ ഓർക്കുന്നത്. തീർച്ചയായും അത്തരത്തിലുള്ള നേതാക്കന്മാർ ഇനിയും ഉണ്ടാകണം. അദ്ദേഹത്തിന്റെ പാത പിൻതുടർന്ന് പുതിയ തലമുറയിൽ പുതിയ രാഷ്ട്രീയ പ്രവർത്തകരും പൊതുപ്രവർത്തകരും ഉണ്ടാകണം. അദ്ദേഹത്തെ മാതൃകയാക്കി മുന്നോട്ടുപോകുമ്പോഴും അകാലത്തിലല്ലെങ്കിൽപോലും അദ്ദേഹത്തിന്റെ വേർപാട് ഈ രാജ്യത്തിനും രാജ്യത്തിലെ ജനങ്ങൾക്കും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കും ഉണ്ടാക്കിയിട്ടുള്ള ദു:ഖവും വേദനയും എത്രയും പെട്ടെന്ന് പൊറുത്ത്, ഓർമ്മകളിൽ അദ്ദേഹം എന്നും നിറഞ്ഞു നിൽക്കട്ടെ എന്ന പ്രാർത്ഥനയോടെ അദ്ദേഹത്തിന്റെ കുടുംബത്തിനും ഈ രാജ്യത്തിനും നേരിട്ടിട്ടുള്ള നഷ്ടത്തിൽ, അവരുടെ ദു:ഖത്തിൽ ഞാനും എന്റെ പാർട്ടിയും പങ്കാളികളാകുന്നു. അതോടൊപ്പം അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തിനേർന്നുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു. നന്ദി.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബിജോൺ): സർ, മുൻ പ്രധാനമന്ത്രി ഐ.കെ. ഗുജ്റാളിന്റെ നിര്യാണത്തിൽ അങ്ങും മുഖ്യമന്ത്രിയും കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരത്തോട് ഞാൻ യോജിക്കുന്നു. രാഷ്ട്രീയരംഗത്തെ വ്യത്യസ്തമായ ഒരു വ്യക്തിത്വമായിരുന്നു ഐ.കെ. ഗുജ്റാളിന്റേത്. അഴിമതിയുടേയോ അധികാരവടംവലിയുടേയോ കരിനിഴൽ വീഴാതെ അദ്ദേഹത്തിന് രാഷ്ട്രീയ ഭൂപടത്തിൽ നിലനിൽക്കാൻ സാധിച്ചു. മാത്രവുമല്ല അദ്ദേഹത്തിന്റെ ആ എളിമയുള്ള ജീവിതവും കൃത്യനിർവ്വഹണത്തിൽ പുലർത്തിയ ഉന്നത മാനദണ്ഡങ്ങളും

അദ്ദേഹത്തിന്റെ പ്രശസ്തി വർദ്ധിപ്പിക്കാനിടയാക്കി. മതേതരത്വത്തിലും സോഷ്യലിസ്റ്റ് സാമൂഹ്യക്രമത്തിലും അദ്ദേഹം വച്ചുപുലർത്തിയ ആ പ്രതിബദ്ധത ഒരു കാലഘട്ടത്തെയാണ് അനുസ്മരിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ നിര്യാണം ഈ രാജ്യത്തിന് വൻ നഷ്ടമാണ്. അതിൽ ഇവിടെല്ലാവരും പ്രകടിപ്പിച്ച വികാരത്തോട് യോജിച്ചുകൊണ്ട് അദ്ദേഹത്തിന്റെ സ്മരണക്കു മുമ്പിൽ ഞാനും ആദരാഞ്ജലികൾ അർപ്പിക്കുന്നു.

മി. സ്പീക്കർ : അന്തരിച്ച മഹത്വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അല്പ സമയം എഴുന്നേറ്റ് നിൽക്കാം.

(അംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു)

ഓർഡർ, ഓർഡർ.................സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2012 ഡിസംബർ മാസം 11-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 9.04-ന് പിരിഞ്ഞു.)

*********